Malappuram District Police

## 04/01/2018 വളാഞ്ചേരി

കവർച്ചാ ശ്രമത്തിനിടെ വയോധിക ദമ്പതികൾക്കു മോഷ്ടാവിന്റെ വെട്ടേറ്റു. പരുക്കേറ്റ ദമ്പതികളെ വളാഞ്ചേരിയിലെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചു. മോഷ്ടാവിനെ മണിക്കൂറുകൾക്കകം പോലീസ് പിടികൂടി. കാവുംപുറം കോതോളിൽ കഴിഞ്ഞ ദിവസം രാത്രിയാണ് സംഭവം. പരുക്കേറ്റ കോതോൾ വളകുത്ത്പറമ്പിൽ കുഞ്ഞൻനായർ (72), ഭാര്യ സുലോചന (67) എന്നിവരാണ് ആശുപത്രിയിലുള്ളത്. ഇവരുടെ വീടിന് ഒരു കിലോമീറ്റർ അകലെ താമസിക്കുന്ന കോതോൾ പാറയിൽ പ്രമോദാണ് (42) പിടിയിലായത്.

സംഭവം ഇങ്ങനെ: കോതോളിലെ വീട്ടിൽ ദമ്പതികൾ തനിച്ചാണു താമസം. സാമ്പത്തിക പ്രയാസത്തിലായ പ്രമോദ് പണം സംഘടിപ്പിക്കുക എന്ന ലക്ഷ്യവുമായി കവർച്ചയ്ക്ക് പദ്ധതിയിടുകയായിരുന്നു. ഇതിനായി വളാഞ്ചേരിയിൽനിന്നു വെട്ടുകത്തി വാങ്ങി, മുഖംമൂടി ധരിച്ച് ദമ്പതികളുടെ വീട്ടിൽ എത്തുകയായിരുന്നു. വയോധികയെ വെട്ടാൻ ശ്രമിക്കുന്നതിനിടെ ഒഴിഞ്ഞുമാറിയ സുലോചനയ്ക്കു തോളിൽ പരുക്കേറ്റു.

തടയാൻ ശ്രമിച്ച കുഞ്ഞൻനായരുടെ കൈകളിലും പരുക്കേറ്റു. ഇവരുടെ നിലവിളികേട്ട് പരിസരവാസികൾ കൂടിയതിനാൽ പ്രതി ഓടിരക്ഷപ്പെട്ടു. തുടർന്നുള്ള അന്വേഷണത്തിനിടെയാണ് പ്രമോദ് പോലീസ് വലയിലായത്. പ്രതി ഉപയോഗിച്ചിരുന്ന വസ്ത്രങ്ങളും വെട്ടുകത്തിയും സമീപത്തെ കുളത്തിൽനിന്നാണു കണ്ടെത്തിയത്. അടുത്തിടെ പ്രതി സാമ്പത്തികമായി

പ്രയാസത്തിലായിരുന്നുവെന്നും ബന്ധുക്കളിൽ പലരുടെയും ആഭരണങ്ങൾ പണയത്തിലായിരുന്നത് വീണ്ടെടുത്തു കൊടുക്കാനുണ്ടായിരുന്നതാണ് കവർച്ചയ്ക്കു പ്രേരിപ്പിച്ച കാരണമെന്നും പോലീസ് പറഞ്ഞു.

വളാഞ്ചേരി സിഐ എം.കെ.കൃഷ്ണൻ, എസ്ഐ ബഷീർ സി. ചിറയ്ക്കൽ, അഡീഷനൽ എസ്ഐ വി.പി.ശശി, എഎസ്ഐ ഷംസുദ്ദീൻ, പ്രത്യേക സ്ക്വാഡ് അംഗങ്ങളായ പി.ജയപ്രകാശ്, അബ്ദുൽഅസീസ്, ശ്രീജിത്, സുരേഷ്, മജീദ് എന്നിവർ അടങ്ങുന്ന സംഘമാണ് കേസ് അന്വേഷിക്കുന്നത്.